# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.590** — **28.09.2011-ൽ മറുപടി** നൽകേണ്ടിയിരുന്നത്

## മെഡിക്കൽ കോളേജുകളിലെ ചികിത്സാ ന്യൂനതകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. യു. കുരുവിള:<br>ശ്രീ. മോൻസ് ജോസഫ്: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ അത്യാവശ്യ ഘട്ടങ്ങളിൽ ചികിത്സ കിട്ടാതെ രോഗികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഉണ്ടെങ്കിൽ ഇത് ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ; | (എ)& (ബി) ഉണ്ട്. മെഡിക്കൽ കോളേജുകൾ എല്ലാം തന്നെ റഫറൽ ആശുപത്രികളാണ്. എന്നാൽ രോഗികൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ കാഷ്വാലിറ്റിയിൽ ചികിത്സ ലഭിക്കുന്നുണ്ട്. മിക്കവാറും എല്ലാ മെഡിക്കൽ കോളേജുകളും പൂർണ്ണമായും റഫറൽ ആയിട്ടല്ല പ്രവർത്തിക്കുന്നത്. |
| (സി) യഥാസമയം രോഗികൾക്ക് ചികിത്സ ലഭിക്കാതെ രോഗി മരിക്കാനിടയായ സംഭവത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ ; | (സി) ഇത്തരത്തിലുള്ള പരാതികൾ ലഭിച്ചാൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ഉചിതമായ അച്ചടക്ക നടപടികൾ സ്വീകരിക്കാറുണ്ട്. അർഹതയുള്ളവർക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യവും പരിഗണിക്കാറുണ്ട്. |
| (ഡി) കുറ്റക്കാരായവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) യഥാസമയം ചികിത്സ ലഭിക്കാതെ രോഗി മരിക്കാനിടയാകുന്ന സന്ദർഭങ്ങളിൽ ഡോക്ടർമാർ കുറ്റക്കാരാണെന്ന് തെളിഞ്ഞാൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ